**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3563** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെസ്റ്റ് ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലപരിമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെസ്റ്റ് ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥലപരിമിതി കാരണം പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ആധുനിക സൗകര്യങ്ങളോടു കൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലുള്ള 30.109 ഏക്കർ ഭൂമിയിൽ 8.7913 ഹെക്ടർ തണ്ണീർത്തടം ആയതിനാൽ പ്രസ്തുത ഭൂമി നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ലായെന്ന് ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ സ്ഥല പരിമിതി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | 2018 -ലെ അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരം കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി തടസ്സമായതിനാൽ കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ എത്ര സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്നും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) | 2018 -ലെ അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരം കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി തടസ്സമായതിനാൽ കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ